(സി) 10 വർഷം പൂർത്തിയാക്കിയ ടൈപ്പിസ്റ്റ് ഗ്രേഡ്-1 ന് അസിസ്റ്റന്റ് ഗ്രേഡ്-1 ആയി തസ്തികമാറ്റം ലഭിക്കാൻ നിലവിൽ വ്യവസ്ഥയുണ്ട്.

(ഡി) നിലവിലുള്ള വ്യവസ്ഥകളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

48 (48) പി.എസ്.സി. ജീവനക്കാർക്ക് സെക്രട്ടേറിയറ്റ് പാരിറ്റി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 20.4.1997-ൽ മുഖ്യമന്ത്രി പി.എസ്.സി. ജീവനക്കാർക്ക് നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റ് -പി.എസ്.സി. പാരിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അനുകൂല നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) വിവിധ വിഭാഗം ജീവനക്കാർക്ക് സെക്രട്ടേറിയറ്റ് പാരിറ്റി അടിസ്ഥാനപ്പെടുത്തി അർഹമായ പ്രൊമോഷൻ തസ്തികകൾ അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ)&(ബി)ഉണ്ട്.

49 (49) ഫോറസ്റ്റ് ഗാർഡ് റാങ്ക്‌ലിസ്റ്റ്

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം ജില്ലകളിലാണ് ഫോറസ്റ്റ് ഗാർഡിന്റെ റാങ്ക് ലിസ്റ്റ് നിലവിലുള്ളത്;

(ബി) ഇടുക്കി ജില്ലയിലെ റാങ്ക്‌ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്;

(സി) അതിൽനിന്നും നിയമനം നടക്കുന്നില്ല എന്ന് പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എന്തുകൊണ്ടാണ് നിയമനം നടത്താത്തത് എന്ന് വിശദീകരിക്കുമോ;

(ഇ) ഇടുക്കി ജില്ലയിൽ നിലവിലുള്ള ലിസ്റ്റിൽ നിന്നും എത്രപേരെ ഏതെല്ലാം സ്ഥലങ്ങളിൽ നിയമിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(എഫ്) ഓരോ സ്റ്റേഷനിലും നിലവിലുള്ള ഒഴിവ് എത്ര വീതമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ ഫോറസ്റ്റ് ഗാർഡിന്റെ റാങ്ക്‌ലിസ്റ്റ് നിലവിലുണ്ട്.

(ബി) ഇടുക്കി ജില്ലയിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി 23.03.2001-ൽ അവസാനിക്കുന്നതാണ്.

(സി) പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതി സംബന്ധിച്ചു അന്വേഷണം നടത്തിയതിൽ പരാതി അടിസ്ഥാനരഹിതമാണെന്ന് തെളിഞ്ഞിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly